# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

77

www.industry.kerala.gov.in

01 FEBRUARY 2025


# ദാവോസിൽ നിറഞ്ഞു കേരളം

കേരളത്തിലേക്കുള്ള നിക്ഷേപ സാധ്യതകൾക്ക് ആക്കം കൂട്ടി സ്വിറ്റ്സർലാൻഡിലെ ദാവോസിൽ സംഘടിപ്പിച്ച 55-ാമത് വേൾഡ് ഇക്കണോമിക് ഫോറം (ഡബ്ല്യുഇഎഫ്). വേൾഡ് ഇക്കണോമിക് ഫോറത്തിൽ കേരള പവലിയൻ സന്ദർശകരുടെ ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റി. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള കേരള പവലിയൻ ലോകത്തെ പ്രധാന നിക്ഷേപകർക്ക് മുന്നിൽ കേരളത്തിന്റെ വ്യവസായ സാധ്യതകളും നിക്ഷേപ സൗഹൃദ അന്തരീക്ഷവുമായിരുന്നു പ്രതിഫലിപ്പിച്ചത്. ഫോറത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ നേതൃത്വത്തിലുള്ള ഉന്നതതല കേരള പ്രതിനിധി സംഘത്തിന്റെ വിജയകരമായ ഇടപെടൽ 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടിക്ക് ഗുണകരമാകും. സംസ്ഥാനത്തെ ഭാവി വ്യവസായ നിക്ഷേപ സാധ്യതയ്ക്കും ഇത് കരുത്ത് പകരും.

സമ്മേളനത്തിനിടെ ഫോറം മേധാവികളുമായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തിയ കൂടിക്കാഴ്ചയിലാണ് സഹകരണ ചർച്ചകൾക്ക് തുടക്കമിട്ടത്.

സുസ്ഥിര വ്യവസായത്തിനും വാണിജ്യ താത്പര്യത്തിനും സംസ്ഥാനം പ്രാധാന്യം നൽകുന്നതായി ബഹു. മന്ത്രി വ്യവസായ പ്രമുഖരോട് പറഞ്ഞു. ഐടി, സ്പേസ് ടെക്, മെഡിക്കൽ ഡിവൈസ്, ഹെൽത്ത് കെയർ, മാരിടൈം, ടൂറിസം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ കേരളം ആകർഷകമായ നിക്ഷേപ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്ന് ബഹു. മന്ത്രി ചൂണ്ടിക്കാട്ടി.

**ലോകത്തെ പ്രധാന നിക്ഷേപകർക്ക് മുന്നിൽ അഭിമാനമായി കേരള പവലിയൻ**

**ആഗോള കമ്പനികളുമായി ചർച്ച നടത്തി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്**




ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐ.എ.എസ്, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് ഐ.എ. എസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എപിഎം മുഹമ്മദ് ഹനീഷ് ഐ.എ. എസ്, കെഎസ്ഐഡിസി എംഡി ശ്രീ. എസ്. ഹരികിഷോർ ഐ.എ. എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികൃഷ്ണൻ ആർ. എന്നിവരും സംഘത്തിലുണ്ടായിരുന്നു.



**വേൾഡ് ഇക്കണോമിക് ഫോറത്തിൽ (ഡബ്ല്യു.ഇ.എഫ്) വ്യവസായ മേഖലയിൽ കൈവരിച്ച മുന്നേറ്റങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാനും ശ്രദ്ധേയ സാന്നിധ്യമാകാനും കേരളത്തിന് സാധിച്ചു. സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിനുള്ള സാധ്യതകൾ തുറന്നിടുന്ന ഫലപ്രദമായ ചർച്ചകൾ നടത്താനും ഫോറത്തിലെ പങ്കാളിത്തത്തിലൂടെ കേരളത്തിന് സാധിച്ചു. കേരളത്തിന്റെ വ്യവസായ മേഖലയിലുണ്ടായ വളർച്ചയും നിക്ഷേപ സൗഹൃദ അന്തരീക്ഷവും ചർച്ചയിൽ എടുത്തുകാട്ടി.**




## 70 ഓളം പ്രമുഖ നിക്ഷേപകരുമായി വൺ ടു വൺ ചർച്ച

പ്രമുഖ കമ്പനികളും നിക്ഷേപകരുമായി കേരളസംഘം ചർച്ച നടത്തി. കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യവസായ മേഖലയിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങൾ ഫോറത്തിലെ ചർച്ചകളിൽ കേരള പ്രതിനിധി സംഘം എടുത്തുകാട്ടി. ഗതാഗത നെറ്റ്‌വർക്ക് കമ്പനിയായ ഉബറിന്റെ ആഗോള മേധാവികളെ 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ നടക്കുന്ന നിക്ഷേപക സംഗമത്തിലേക്ക് ക്ഷണിച്ചു. സൗദി അറേബ്യയുടെ നിക്ഷേപ വ്യവസായ വികസന പദ്ധതികളുടെ ആസൂത്രണ ചുമതലയുള്ള റോയൽ കമീഷൻ ഫോർ ജുബൈൽ ആൻഡ് യമ്പു പ്രസിഡന്റ് ശ്രീ. ഖാലിദ് മുഹമ്മദ് അൽ സലിമുമായും ബഹു. മന്ത്രി ചർച്ച നടത്തി. നിക്ഷേപക സംഗമത്തിലേക്ക് കമ്മീഷന്റെ പ്രതിനിധി സംഘത്തെ കേരളം ക്ഷണിച്ചു.

ബിസിനസ് പ്രമുഖർ, രാഷ്ട്രീയ നേതാക്കൾ, ആസൂത്രകർ, സാങ്കേതിക വിദഗ്ധർ എന്നിവരുമായി കേരള സംഘം ആശയവിനിമയം നടത്തി. എ ബി ഇൻബെവ്, ഗ്രീൻകോ, ഹിറ്റാച്ചി, ടിവിഎസ് ലോജിസ്റ്റിക്സ്, ജൂബിലന്റ്, ഭാരത് ഫോർജ്, എച്ച്സിഎൽ, സിഫി, വെൽസ്പൺ, ഇൻഫോസിസ്, വാരി, സുഹാന സ്പൈസസ് ഉൾപ്പെടെ 70 ഓളം കമ്പനി പ്രതിനിധികളോടും വ്യവസായ പ്രമുഖരോടും ബഹു. മന്ത്രി വൺ ടു വൺ ചർച്ച നടത്തി. സാങ്കേതികവിദ്യാ സഹകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ കേരളവുമായി സഹകരിക്കുമെന്ന് വിവിധ കമ്പനി മേധാവികൾ അറിയിച്ചു.






## ദാവോസിൽ കേരളത്തിന് പ്രശംസ

സ്വിറ്റ്സർലൻഡിലെ ദാവോസിൽ സംഘടിപ്പിച്ച ലോക സാമ്പത്തിക ഫോറത്തിൽ കേരളത്തിന്റെ മാറിയ വ്യവസായ മുഖത്തിന് പ്രശംസയും കൈയടിയും. 19 വർഷത്തിനുശേഷമാണ് കേരളം ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. സമ്മേളനത്തിന്റെ ഭാഗമായി ഇന്ത്യൻ പ്രതിനിധിസംഘം നടത്തിയ വാർത്താസമ്മേളനത്തിൽ ബഹു. ആന്ധ്ര മുഖ്യമന്ത്രി ശ്രീ. ചന്ദ്രബാബു നായിഡു കേരളത്തിന്റെ വ്യവസായ മാറ്റത്തെക്കുറിച്ച് പരാമർശിച്ചു. രാജ്യത്തെ ഏറ്റവും പുരോഗതി പ്രാപിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ നിക്ഷേപ സാധ്യതകൾ ഗൗരവപൂർവം പരിശോധിക്കുകയാണെന്ന് ദാവോസ് സമ്മേളനത്തിൽ പങ്കെടുത്ത ആഗോള പ്രശസ്ത കമ്പനികളും വിവിധ രാഷ്ട്രങ്ങളുടെ പ്രതിനിധികളും വ്യക്തമാക്കി.

# നിക്ഷേപ സാധ്യതകൾ തുറന്നിട്ട് പ്രഥമ വിഴിഞ്ഞം കോൺക്ലേവ്

INVEST KERALA GLOBAL SUMMIT
FEB 21-22, 2025 | KOCHI

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായുള്ള പ്രധാന മുന്നൊരുക്ക പരിപാടികളിലൊന്നായ വിഴിഞ്ഞം കോൺക്ലേവ് ബഹു. ധനകാര്യ മന്ത്രി ശ്രീ. കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. നിരവധി ലോകോത്തര കമ്പനികൾ ഉൾപ്പെടെ പങ്കെടുക്കുന്ന കോൺക്ലേവ് കേരളത്തിനെ ലോകത്തിലെ ലോജിസ്റ്റിക്സ് & മാരിടൈം മേഖലയിലെ ഹബ്ബാക്കി മാറ്റുന്നതിനുള്ള നിർണായക ചുവടുവെപ്പായിരിക്കും. 2025 ജനുവരി 28 & 29 തീയതികളിലായി 2025 ജനുവരി 28ന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ സംഘടിപ്പിച്ച കോൺക്ലേവിൽ വിവിധ വിഷയങ്ങളിൽ പാനൽ ഡിസ്കഷനുകളും നിക്ഷേപകരുമായി കൂടിക്കാഴ്ചകളും സംഘടിപ്പിച്ചു.

'വിഴിഞ്ഞം ലോജിസ്റ്റിക്ക് പാർക്ക് കേരളത്തിന്റെ ഉത്പാദക്ഷമത പരമാവധി ശേഷിയിലെത്തിച്ച് ആഗോള മാർക്കറ്റിലേക്കുള്ള വഴി തുറക്കും. കേരളം ആഗോളവ്യവസായിക ഹബ്ബായി മാറും. വിഴിഞ്ഞം തുറമുഖം പാരിസ്ഥിതിക സൗഹാർദ്ദ സുസ്ഥിര വികസനത്തിന് ഉത്തമ മാതൃകയായി മാറുമെന്നും ബഹു. മന്ത്രി ശ്രീ. ബാലഗോപാൽ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.









> "വിഴിഞ്ഞം തുറമുഖം കേരളത്തെ ആഗോള വ്യാവസായിക ഹബ്ബാക്കും

ഉദ്ഘാടന സമ്മേളനത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷത വഹിച്ചു. ബഹു. തിരുവനന്തപുരം എംപി ഡോ. ശശി തരൂർ; ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐ.എ.എസ്.; വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എപിഎം മുഹമ്മദ് ഹനീഷ് ഐ.എ .എസ്., തുറമുഖ പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ് ഐ.എ.എസ്.; വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. മീർ മുഹമ്മദ് അലി ഐ.എ.എസ്.; വിഴിഞ്ഞം സീപോർട്ട് എംഡി ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്.; കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ, ഹരികൃഷ്ണൻ ആർ. ഐആർടി; കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്; അദാനി പോർട്ട് സ്പെഷ്യൽ ഇക്കണോമിക് സോൺ സിഇഒ ശ്രീ. പ്രണവ് ചൗധരി തുടങ്ങിയവർ പങ്കെടുത്തു.

തുറമുഖം പൂർണമായും പ്രവർത്തനസജ്ജമാകുന്നതിനൊപ്പം അതോടനുബന്ധിച്ചുള്ള വ്യാവസായ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക എന്നതായിരുന്നു കോൺക്ലേവിന്റെ ആശയം. ലോകമെമ്പാടുമുള്ള കമ്പനികളിൽ നിന്നായി 300 പ്രതിനിധികളും 50 ലധികം പ്രമുഖ നിക്ഷേപകരും ദ്വിദിന പരിപാടിയിൽ ഭാഗഭാക്കുകളായിരുന്നു. തുടർന്ന് നിരവധി സെഷനുകളും വൺ റ്റു വൺ മീറ്റിങ്ങുകളും നിക്ഷേപചർച്ചകളുമെല്ലാം ഒരുക്കി കേരളത്തെ ലോകത്തിന് മുന്നിൽ ഒരു ലോജിസ്റ്റിക്സ് - മാരിടൈം ലക്ഷ്യസ്ഥാനമാക്കുകയായിരുന്നു കോൺക്ലേവിന്റെ ലക്ഷ്യം.

വിഴിഞ്ഞം തുറമുഖത്തിന് ആഗോള നിക്ഷേപക ഭൂപടത്തിൽ ഇടംനേടാൻ കോൺക്ലേവിലൂടെ സഹായകമാകും. കൂടാതെ തുറമുഖാനുബന്ധ വ്യവസായങ്ങൾക്കൊപ്പം മറ്റു മേഖലകളിലേക്കുള്ള നിക്ഷേപം സമാഹരിക്കാനും കോൺക്ലവിലൂടെ ലക്ഷ്യമിടുന്നുണ്ട്. ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെ സഹകരണത്തോടെ കെഎസ്ഐഡിസിയാണ് ദ്വിദിന കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

## കൈത്തറി മേഖലയുടെ ഉന്നമനം ചർച്ച ചെയ്ത് ടെക്സ്റ്റൈൽസ് കോൺക്ലേവ്




2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായുള്ള മേഖലാ നിർദ്ദിഷ്ട കോൺക്ലേവുകളുടെ ഭാഗമായ 'ടെക്സ്റ്റൈൽ കോൺക്ലേവ്' ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. ടെക്സ്റ്റൈൽ, കൈത്തറി മേഖലയുടെ പ്രവർത്തനവും വിപണന സാധ്യതയും മെച്ചപ്പെടുത്താനുള്ള നടപടികൾ സർക്കാർ ആലോചിക്കുമെന്ന് ബഹു. മന്ത്രി പറഞ്ഞു.

തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റും സംയുക്തമായിട്ടാണ് 2025 ജനുവരി 29 ന് കോൺക്ലേവ് സംഘടിപ്പിച്ചത്. ഉദ്ഘാടന സമ്മേളനത്തിനു ശേഷം ടെക്സ്റ്റൈൽ, കൈത്തറി വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ഇൻററാക്ഷൻ സെഷനും നടന്നു. മേഖലയിലെ സംരംഭകരും നിക്ഷേപകരും ഇതുമായി ബന്ധപ്പെട്ട സാധ്യതകളെയും അവസരങ്ങളെയും കുറിച്ച് അഭിപ്രായങ്ങൾ പങ്കിട്ടു.

## അറബ് ഹെൽത്ത് 2025 എക്സിബിഷനിൽ സാന്നിധ്യം അറിയിച്ചു കേരളവും




ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ സംഘടിപ്പിച്ച അറബ് ഹെൽത്ത് എക്സിബിഷനിൽ മികവുകാട്ടി കേരളവും. 2025 ജനുവരി 27 മുതൽ 30 വരെ സംഘടിപ്പിച്ച ലോകത്തിലെ ഏറ്റവും വലിയ ഹെൽത്ത് കെയർ എക്സിബിഷനുകളിലൊന്നായ അറബ് ഹെൽത്ത് 2025 എക്സിബിഷനിൽ കേരളത്തിലെ ആരോഗ്യ മേഖലയിലെ മുന്നേറ്റവും മെഡിക്കൽ ടെക്നോളജി, ലൈഫ് സയൻസ് ഉൾപ്പെടെയുള്ള നൂതന വ്യവസായ മേഖലയിലെ പ്രകടനവും ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിനുള്ള അവസരമാണ് തുറന്നു നൽകിയത്.

കേരള ലൈഫ് സയൻസ് വ്യവസായ പാർക്കും കെഎസ്ഐഡിസി യും കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യവും സംയുക്തമായാണ് എക്സിബിഷനിൽ പങ്കെടുത്തത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.